**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 431** **28.6.2011-ൽ മറുപടിക്ക്**

## കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സ് ലിമിറ്റഡ് തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പള്ളിപ്പുറത്ത് അടഞ്ഞുകിടക്കുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സ് ലിമിറ്റഡ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ;<br>(ബി) കഴിഞ്ഞ സർക്കാരിൻെറ കാലയളവിൽ ഈ സ്ഥാപനം കെ.എസ്.ഐ.ഡി.സി-യ്ക്ക് കൈമാറി എന്നറിയുന്നത് ശരിയാണോ; | **(എ) യും (ബി) യും**<br>കഴിഞ്ഞ സർക്കാരിൻെറ കാലത്ത് കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സ് ലിമിറ്റഡിൻെറ സ്ഥലം സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗപ്പെടുത്തുവാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) സാങ്കേതിക വികാസത്തിൻെറ ഈ കാലയളവിൽ കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സ് പുതിയ സാധ്യതകൾ വിനിയോഗിച്ച് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യതകൾ പഠിക്കുവാനും നടപ്പിലാക്കുവാനും മുൻകൈ എടുക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) കെ.എസ്.ഐ.ഡി.സി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ